മലയാളത്തിന്റെ പ്രിയ കഥാകാരൻ
**ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്**
നിങ്ങളുമായി സംവദിക്കുന്നു

# ശിഹാബ്ക്കയോട് ചോദിക്കാം

**ശിഹാബ്ക്കാ, എങ്ങനെയാണ് നമ്മിൽ ഒരു എഴുത്തുകാരനുണ്ടെന്ന് നമ്മൾ തിരിച്ചറിയുന്നത്?**

**ശിഹാബ്ക്കാ, എനിക്ക് പുസ്തകങ്ങൾ വായിക്കാൻ ഇഷ്ടമാണ്. ലൈബ്രറിയിലൊക്കെ പോകുമ്പോൾ കുറേ പുസ്തകങ്ങൾ കണ്ട് പേടിയാവുന്നു. പുസ്തകം വായിക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?**

**അദ്നാൻ കെ.പി,** ക്ലാസ് 6

നമ്മൾ എന്താണെന്ന് സ്വയം നിരീക്ഷിച്ചു മനസ്സിലാക്കേണ്ടതാണ്.

എഴുത്തുകാരനാവാൻ നല്ല വായനയും ജീവിത നിരീക്ഷണവും ഉണ്ടാവണം. നമ്മൾ എന്താണെന്ന് കാലം എന്ന മഹാ സത്യത്തിനേ അറിയൂ.

അദ്നാന്റെ രണ്ടാമത്തെ ചോദ്യം പുസ്തകവായനയെക്കുറിച്ചുള്ളതാണ്. അദ്നാന്റെ പ്രായത്തിനു പറ്റിയ പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതാണ് നല്ലത്. ഇക്കാര്യത്തിൽ അധ്യാപകർക്കും രക്ഷിതാക്കൾക്കും നല്ല ലൈബ്രേറിയന്മാർക്കും സഹായിക്കാൻ കഴിയും. ഈ പ്രായത്തിൽ നല്ല രസമുള്ള കഥകൾ വായിക്കുന്നതാണ് നല്ലത്.

**കഥകളൊക്കെ എഴുതണം എന്ന് എനിക്ക് നല്ല ആഗ്രഹമുണ്ട്. പക്ഷേ എഴുതുമ്പോൾ അക്ഷരത്തെറ്റുകൾ നന്നായി വരുന്നുണ്ട്.**

**അക്ഷരത്തെറ്റുകൾ ഇല്ലാതിരിക്കാൻ എന്തു ചെയ്യണം ശിഹാബ്ക്കാ?**

**ഞങ്ങൾ പരസ്പരം ചോദിക്കുന്ന ചോദ്യമാണ് കോഴിയാണോ, കോഴിമുട്ടയാണോ ആദ്യം ഉണ്ടായതെന്ന്. ശിഹാബ്ക്കയോട് ആ ചോദ്യം ചോദിച്ചാൽ എന്തുത്തരം പറയും?**

**അഷ്ഫാഖ്,** ക്ലാസ് 6



**ഫേസ്ബുക്കിന്റെ സ്ഥാപകൻ– മാർക്ക് സുക്കർ ബർഗ്**

## പറക്കുന്ന സസ്തനി

പറക്കാൻ കഴിവുള്ള ഏക സസ്തനിയാണ് വവ്വാൽ. ലോകത്ത് അന്റാർട്ടിക്ക ഭൂഖണ്ഡത്തിലൊഴികെ മറ്റെല്ലായിടത്തും ഇവയെ കാണാം. രാത്രിയിലാണ് ഇവ ഇര തേടുന്നത്. പകലിൽ ഏതെങ്കിലും മരത്തിലോ ഇരുണ്ട ഇടങ്ങളിലോ തല കീഴായി തൂങ്ങിക്കിടന്നുറങ്ങും. പറക്കുന്നതിനിടെ പുറപ്പെടുവിക്കുന്ന ഉയർന്ന ആവൃത്തിയുള്ള ശബ്ദം മറ്റുവസ്തുക്കളിൽ തട്ടിയുണ്ടാകുന്ന പ്രതിധ്വനി ഉപയോഗിച്ചാണ് മുന്നോട്ട് പറക്കുന്നതും ഇര തേടുന്നതും.

നല്ല വായനയാണ് പരിഹാരമാർഗ്ഗം.

സ്ഫുടമായി ഉച്ചത്തിൽ വായിച്ചു ശീലിക്കുന്നതും ഏറെ നല്ലതാണ്.

രണ്ടാമത്തേത് കുഴക്കുന്ന ചോദ്യമാണല്ലോ അഷ്ഫാഖേ...

എന്നോട് ചോദിച്ചാൽ കോഴിമുട്ട എന്ന വാക്കാണ് ആദ്യമുണ്ടായതെന്നാണ് തമാശയായി പറയുക. കോഴിമുട്ട എന്ന വാക്കിൽ കോഴിയും ഉണ്ടല്ലോ!

**എഴുത്തുകാരെക്കാൾ ആളുകൾക്കിഷ്ടം പാട്ടുപാടുന്നവരെയല്ലേ..**

**അഷ്ഫിന സി,** ക്ലാസ് 5

എഴുത്തിൽ സംഗീതവും സംഗീതത്തിൽ എഴുത്തുമുണ്ടല്ലോ.

പാട്ട് കേൾക്കാൻ നമുക്കൊക്കെ വളരെ ഇഷ്ടമാണ്; പാട്ട് പാടുന്നവരെയും.

**അറിയപ്പെടുന്ന കുറേ എഴുത്തുകാരുണ്ട്. അവരെക്കാൾ കഴിവുള്ള, എന്നാൽ അറിയപ്പെടാത്ത എഴുത്തുകാരില്ലേ..**

**എന്താണ് ചിലർക്ക് മാത്രം പ്രശസ്തി ലഭിക്കുന്നത്?**

**ആസ്‌ലി,** ക്ലാസ് 6

പ്രശസ്തിയെപ്പറ്റി കേട്ട ഏറ്റവും നല്ല ചൊല്ല് പറയട്ടെ: 'നിങ്ങൾക്ക് അറിയാത്ത മനുഷ്യർക്ക് നിങ്ങളോട് തോന്നുന്ന സ്നേഹമാണ് പ്രശസ്തി.'

ചിലർക്ക് പ്രശസ്തി മരണ ശേഷവും വന്നു ചേരാം. വിൻസെന്റ് വാൻഗോഗ് എന്ന ലോകപ്രശസ്തനായ ചിത്രകാരൻ ജീവിച്ചിരിക്കുന്ന കാലത്ത് വരച്ച അനേകം പെയിന്റിങ്ങുകളിൽ ഒരെണ്ണം മാത്രമാണ് വിറ്റുപോയത്. അതും തുച്ഛമായ വിലക്ക്. ഇന്ന് അദ്ദേഹത്തിന്റെ ഒരു ചിത്രത്തിന്റെ വില തന്നെ കോടികൾ വരും.

വരാനുള്ള പ്രശസ്തി വന്നുകൊള്ളും. ✦

## ശിഹാബ്ക്കയോട് ചോദിക്കാം



നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്.

കത്തുകൾ അയക്കേണ്ട വിലാസം:

**ശിഹാബ്ക്കയോട് ചോദിക്കാം.**
മലർവാടി മാസിക,
ഐ.എസ്.ടി ബിൽഡിംഗ്,
വെള്ളിമാടുകുന്ന്,
കോഴിക്കോട്-12.
കൂടാതെ malarvadimag@gmail.com
എന്ന ഇമെയിലിലും
**8281572448** എന്ന
വാട്സാപ് നമ്പറിലും അയക്കാം.

**അക്ഷയ പദ്ധതി ആദ്യമായി നടപ്പാക്കിയ ജില്ല– മലപ്പുറം**